**മിഷൻ വാത്സല്യ**

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി, ഐ.എ.എസ്, ഡയറക്ടർ വനിത ശിശു വികസന വകുപ്പ്)**

ഉത്തരവ് നം. DWCD/2400/2023 - ICPS 4

തിരുവനന്തപുരം,
തീയതി. 22-07-2023

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - മിഷൻ വാത്സല്യ - തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ CWC, മെമ്പർമാരുടെ 2023 - 24 സാമ്പത്തിക വർഷത്തെ മെയ്, ജൂൺ, ജൂലൈ മാസത്തെ സിറ്റിംഗ് ഫീസ് / ഹോണറേറിയം ഇനത്തിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1.കേന്ദ്ര സർക്കാരിന്റെ CW-II-22/6/2022 -CW-II ലെ 05/07/2022 നമ്പർ ഉത്തരവ്.

2.വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 04.01.2023 ന് ചേർന്ന 38 മത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

3.വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷ

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതി (മിഷൻ വാത്സല്യ) യുടെ ജില്ലാ ഘടകങ്ങളായ ചൈൽഡ് വെൽഫയർ കമ്മിറ്റി , ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെ മെമ്പർമാരുടെ സിറ്റിംഗ് ഫീസ്, ഒരു സിറ്റിംഗിന് 1500/-രൂപയിൽ നിന്നും 2000/-രൂപയായി ഉയർത്തി, പരാമർശം (1) പ്രകാരം 2022 ഏപ്രിൽ മാസം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

CWC മെമ്പർമാർക്ക് സിറ്റിംഗ് ഫീസ് / ഹോണറേറിയം ഇനത്തിൽ 2023 മെയ്, ജൂൺ, ജൂലൈ വരെ ആവശ്യമായ തുക അനുവദിച്ച് നൽകുന്നതിനായി തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം (3) പ്രകാരം ലഭ്യമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ CWC അംഗങ്ങൾക്ക് 2023 ജൂലൈ മാസം വരെ സിറ്റിംഗ് ഫീസ് / ഹോണറേറിയം ഇനത്തിൽ പരമാവധി അനുവദിക്കാവുന്ന തുകയായ (2022 - 23 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക കൂടി ചേർത്ത്) ആകെ 12,88,000/-രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപത്തി എണ്ണായിരം രൂപ മാത്രം) ചുവടെ പട്ടിക പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| Sl.no | District | CWC | Total |
|---|---|---|---|
| Component Code | | 1.31.1 | |
| 1 | DCPU Thrissur | 6,34,000 | 6,34,000 |
| 2 | DCPU Kasargod | 6,54,000 | 6,54,000 |
| | Grant Total | 12,88,000 | 12,88,000 |

I/106778/2023

**ടി തുക 12,88,000/-രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപത്തി എണ്ണായിരം രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ, വനിത ശിശു വികസന ഡയരക്ടറുടെ പേരിൽ IDBI Bank ന്റെ 0889104000111737 നമ്പർ SNA അക്കൗണ്ടിൽ നിന്നും (IFSC.Code.IBKL0000889) അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് മേൽ പട്ടിക പ്രകാരം അനുവദിക്കേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർ തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു കൊണ്ട് തുക ബന്ധപ്പെട്ട CWC, JJB അംഗങ്ങൾക്ക് അനുവദിച്ച് നൽകേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർക്ക്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 22-07-2023 12:19:53